ഉത്തരം

(എ) ഇല്ല.

(ബി&സി) ചില മേഖലകളിൽനിന്നുണ്ടായ അഭിപ്രായത്തെത്തുടർന്ന് ഇതു സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് നടപ്പാക്കുന്നത് നിറുത്തി വെച്ചിരിക്കുകയാണ്.

ഡയഗനൈസിംഗ് സെന്ററുകളിലെ അമിത ഫീസ്

24(1832) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാഥമിക ഡയഗനൈസിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ടെസ്റ്റുകൾക്കായി അവ ഈടാക്കുന്ന ഫീസിന് സൗജന്യനിരക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ രോഗികളിൽ നിന്നും അമിതഫീസ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ രോഗികളിൽ നിന്നും അമിതഫീസ് ഈടാക്കാതിരിക്കാൻ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്വകാര്യമേഖലയിൽ പ്രാഥമിക ഡയഗനൈസിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല. എന്നാൽ കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്., എച്ച്. ഡി. എസ്. എന്നീ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജിലും, ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എസ്. എ. റ്റി. യിലും ഡയഗനൈസിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തീരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി പരിശോധനകൾ നടത്തുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അമിത ഫീസ് ഇടാക്കുന്നതായി പരാതി ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേരി ജില്ലാ ആശുപത്രി വികസന സമിതി

25(1835) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly